# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വലിയപറമ്പ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 10/1083/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 11/01/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വലിയപറമ്പ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 10/1083/2022 തീയ്യതി: 11/01/2023

## കാസർഗോഡ് ജില്ലയിലെ വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കിഷോർ തോമസ്.എം | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 17-11-2022 | 24-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-11-2022 | 24-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

വിനീത് കുമാർ.കെ.പി , ഓഡിറ്റ് ഓഫീസർ
തോമസ്.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ബാബു.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സുനിൽ കുമാർ.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ബിന്ദു.വി.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| വി.വി.സജീവൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| വിനോദ് കുമാർ.കെ | സെക്രട്ടറി | 01-04-2021 | 01-07-2021 |
| വിനോദ് കുമാർ എം.പി | സെക്രട്ടറി | 02-07-2021 | 01-12-2021 |
| മുരളി മോഹൻ.കെ.എൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-12-2021 | 21-12-2021 |
| വിനോദ് കുമാർ.എം.പി | സെക്രട്ടറി | 22-12-2021 | 09-01-2022 |
| വത്സൻ.എം | സെക്രട്ടറി | 10-01-2022 | 19-01-2022 |
| വിനോദ് കുമാർ എം.പി | സെക്രട്ടറി | 20-01-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| വഹീദ.കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| സന്തോഷ് കുമാർ ചാലിൽ | കൃഷി ഓഫീസർ | 01-04-2021 | 24-10-2021 |
| ശിവകുമാർ.വി | കൃഷി ഓഫീസർ | 25-10-2021 | 31-03-2022 |
| ലത.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 09-11-2021 |
| രേവതി.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10-11-2021 | 31-03-2022 |
| മുസ്തഫ.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വലിയപറമ്പ സർക്കിൾ) | 01-04-2021 | 31-03-2022 |
| സമീറ.എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മാവിലാക്കടപ്പുറം സർക്കിൾ) | 01-04-2021 | 19-10-2021 |
| ഷീന.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മാവിലാക്കടപ്പുറം സർക്കിൾ) | 20-10-2021 | 31-03-2022 |
| ഷംസുദ്ദീൻ.എ.ജി | പ്രധാനധ്യാപകൻ | 01-04-2021 | 31-03-2022 |
| ഡോ.സാബു. എം.യു | വെറ്റിനറി സർജ്ജൻ | 01-04-2021 | 03-02-2022 |
| ഡോ.സംഗീത | വെറ്റിനറി സർജ്ജൻ | 04-02-2022 | 31-03-2022 |

| | | | |
|---|---|---|---|
| മോഹൻ.വി | | | |
| ഡോ.ധന്യ ദയാനന്ദൻ | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2021 | 31-03-2022 |
| ഡോ.രാജീവൻ.വി | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ഡോ.നാദിറ.കെ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 31-03-2022 |
| രമ്യ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| പ്രമീള .ഒ.വി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 18-11-2021 |
| ജിജോ മോൻ .വി.സി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 19-11-2021 | 04-02-2022 |
| രഞ്ജിനി.കെ.ഡി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 05-02-2022 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-2 |
| 3 | അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. | 1-2-1 |
| 4 | ക്ലോസ് ചെയ്ത അക്കൗണ്ടിൽ തുക തെറ്റായി അക്കൗണ്ട് ചെയ്തു. | 1-2-2 |
| 5 | വസ്തു നികുതി- കണക്കുകളിലെ അപാകതകൾ | 1-2-3 |
| 6 | തൊഴിലുറപ്പ് പദ്ധതി-കോൺക്രീറ്റ് റോഡ് നിർമ്മാണം -മൂലധന ചെലവായി രേഖപ്പെടുത്തിയില്ല. | 1-2-4 |
| 7 | ബാലൻസ് ഷീറ്റിലെ അപാകതകൾ | 1-2-5 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | വിവിധ ഫണ്ടുകളുടെ വിനിയോഗ വിവരം | 1-4 |
| 10 | പദ്ധതി അവലോകനം. | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമ പദ്ധതികൾക്കായി തൻ വർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 13 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | വസ്തു നികുതി - ചില ഉപയോഗക്രമങ്ങൾക്ക് നിരക്കുകൾ നിശ്ചയിച്ചിട്ടില്ല. | 1-10 |
| 16 | ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ വിതരണം തുടരുന്നു | 1-11 |
| 17 | കുടിവെള്ള ചാർജ്ജ് - ഒടുക്കുന്ന തുക യഥാസമയം വരവിലെടുക്കാതെ പിഴ ഈടാക്കുന്നു. | 1-12 |
| 18 | വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 1-13 |
| 19 | അങ്കണവാടി പോഷകാഹാര വിതരണം- ഉത്തരവിന് വിരുദ്ധമായി ജി.എസ്.ടി ഈടാക്കി | 1-14 |
| 20 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള- സ്കോളർഷിപ്പ്- ചെലവ് സംബന്ധിച്ച എല്ലാ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1-15 |
| 21 | ഭിന്നശേഷിക്കാരുടെ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. | 1-16 |
| 22 | പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ- കണക്കുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. | 1-17 |
| 23 | തൊഴിലുറപ്പ് പദ്ധതി-നിർമ്മാണ പ്രവൃത്തി ജി.എസ്.ടി ,ആദായനികുതി എന്നിവ ഈടാക്കിയിട്ടില്ല | 1-18 |

| | | |
|---|---|---|
| 24 | ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല. | 1-19 |
| 25 | ടി.ആർ 7-എ ക്യാഷ് ബുക്ക് ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല. | 1-20 |
| 26 | ഭവനിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 1-21 |
| 27 | സേവന പുസ്തകം- ആർജ്ജിത അവധി കണക്കാക്കിയതിൽ അപാകതകൾ | 1-22 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ്,പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 42/21, 23/02/2021 | 37/22, 26/03/2022 |
| മുന്നിരിപ്പ് | 9,69,594 | 687,985 |
| വരവ് | 7,84,07,500 | 134,431,759 |
| ആകെ | 7,93,77,094 | 135,119,744 |
| ചെലവ് | 7,88,45,500 | 134,431,255 |
| നീക്കിയിരിപ്പ് | 5,31,594 | 688,489 |

### 1-2 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വാർഷിക ധനകാര്യ പത്രിക പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

#### 1-2-1 അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

#### 1-2-2 ക്ലോസ് ചെയ്ത അക്കൗണ്ടിൽ തുക തെറ്റായി അക്കൗണ്ട് ചെയ്തു.

ഗ്രാമപഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടുകളുടെ പാസ്സ് ബുക്കുകൾ പരിശോധിച്ചതിൽ 799011400001040 എന്ന STSB അക്കൗണ്ടിൽ 27,000 രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. ഈ അക്കൗണ്ടിന്റെ വാർഷിക ധനകാര്യപത്രികയിലെ ഹെഡ് 450650109-ആണ്, 11.1.2022-ന് ഈ ഹെഡിൽ വരവ് വെക്കേണ്ട 27,000 രൂപ, ട്രഷറി ഡയറക്ടറുടെ 30/04/2020-ലെ TRY/1385/2020-F2 നിർദ്ദേശപ്രകാരം 02.06.2020 ൽ ക്ലോസ് ചെയ്ത 720031400000006 എന്ന STSB അക്കൗണ്ടിലാണ് (450250110) ഹെഡ് മാറി സാംഖ്യയിൽ രസീത് ചെയ്തിട്ടുള്ളത്. ആയത് ക്രമീകരിക്കേണ്ടതാണ്.

#### 1-2-3 വസ്തു നികുതി- കണക്കുകളിലെ അപാകതകൾ

വസ്തു നികുതി പിരിവ്, ബാക്കി എന്നിവയുടെ കണക്കുകൾ സഞ്ചയ സോഫ്റ്റ് വെയറിലും സാംഖ്യ അടിസ്ഥാനമാക്കിയുള്ള വാർഷിക ധനകാര്യ പത്രികയിലും വ്യത്യസ്തമാണ്. സഞ്ചയയിൽ നിന്നും എടുത്തിട്ടുള്ള 2021-22-ലെ കളക്ഷൻ പ്രോഗ്രസ് റിപ്പോർട്ടിൽ വസ്തുനികുതി പിരിവിൽ ബുക്ക് അഡ്ജസ്റ്റ്മെന്റുകൾ നടത്തിയിട്ടുള്ളതായി കാണുന്നു. ഇതിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ, അഡ്ജസ്റ്റമെന്റ് നടത്താനുള്ള അനുമതികൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

കുടിശ്ശിക വസ്തു നികുതിയുടെ മുന്നിരിപ്പ്, പിരിവ് എന്നിവ സംബന്ധിച്ച കണക്കുകൾ സഞ്ചയ സോഫ്റ്റ് വെയറിലും സാംഖ്യ അടിസ്ഥാനമാക്കിയുള്ള വാർഷിക ധനകാര്യ പത്രികയിലും വ്യത്യസ്തമാണ്. വിശദ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

#### 1-2-4 തൊഴിലുറപ്പ് പദ്ധതി-കോൺക്രീറ്റ് റോഡ് നിർമ്മാണം -മൂലധന ചെലവായി

രേഖപ്പെടുത്തിയില്ല.

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6, I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 4,27,28,727/- രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ 3 കോൺക്രീറ്റ് റോഡുകൾ നിർമിക്കുന്നതിനുള്ള 3,50,067/ രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| സീ.നം | റോഡിന്റെ പേര്/ റോഡ് പ്രവർത്തിയുടെ പേര് | പ്രവർത്തിപൂർത്തിയായ വർഷം | ചെലവ് തുക |
|---|---|---|---|
| 1 | ഇടയിലക്കാട് ടി കെ രാജീവന്റെ വീട് മുതൽ പത്മാവതി എ വീട് വരെ റോഡ് നിർമ്മാണം വാർഡ് 6(1601005006/RC /295052) | 2021-22 | 68,824 |
| 2 | പ്രധാന റോഡിൽ നിന്നും വില്ലേജ് ഓഫീസിലേക്ക് റോഡ് നിർമ്മാണം വാർഡ് 7(1601005006/RC/295269) | 2021-22 | 1,72,513 |
| 3 | മാടക്കാൽ ബണ്ട് മുതൽ വടക്കോട്ട് പുതിയ തീരദേശ റോഡ് കോൺക്രീറ്റിംഗ് വാർഡ് 3(1601005006/RC/306263) | 2021-22 | 1,08,730 |
| ആകെ | | | 3,50,067 |

ഈ തുക തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ 3,50,067 രൂപ കൂടുതലായി കാണിക്കുന്നു. മുൻ വർഷങ്ങളിലും തൊഴിലുറപ്പ് ഫണ്ട് ഉപയോഗിച്ച് കോൺക്രീറ്റ് റോഡ് നിർമ്മിച്ചിട്ടുണ്ട്, ഇവയൊന്നും തന്നെ മൂലധനചെലവായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ബാലൻസ്ഷീറ്റിൽ 2021-22 വർഷം മാത്രം 3,50,067 രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് തിരുത്തേണ്ടതാണ്.

1-2-5 ബാലൻസ് ഷീറ്റിലെ അപാകതകൾ

A) 31.03.2022-ലെ ബാലൻസ് ഷീറ്റിൽ 350800299-Other Liabilities എന്ന ഹെഡിൽ 38,945രൂപ, 350800199-Other Creditors എന്ന ഹെഡിൽ 13,247 രൂപയുടെയും നീക്കിയിരിപ്പ് ബാദ്ധ്യത കാണിച്ചിട്ടുണ്ട്. ഈ തുകകൾ തനതു ഫണ്ട് അക്കൗണ്ടിൽ വരവു വന്ന തുകയാണ്. ഈ തുക എവിടെ നിന്ന് എന്ത് ആവശ്യത്തിന് ലഭിച്ചുവെന്ന വിവരങ്ങൾ കണക്കിൽ പെടുത്തിയിട്ടില്ല.

B) 31.03.2022-ലെ ബാലൻസ് ഷീറ്റിൽ 320700104-CJVP From Block Panchayat എന്ന ഹെഡിൽ 1,68,384 രൂപ ബാദ്ധ്യതയുണ്ട്. എന്നാൽ ഈ തുക 01.04.2012 മുതൽ ക്യാരി ഓവർ ചെയ്തു വരുന്ന തുകയാണ്. ഈ തുക ആരിൽ നിന്ന് എപ്പോൾ എന്ത് ആവശ്യത്തിന് ലഭിച്ചതാണ് എന്ന വിവരം ഇല്ലാത്തതിനാൽ ഇത് നിലവിലുള്ള ബാദ്ധ്യത തന്നെയാണോ എന്ന് വ്യക്തമല്ല.

C) 31.03.2022 ലെ ബാലൻസ് ഷീറ്റിൽ 320800199- Other Grants, Funds &Contributions For Specific Purposes- Capital എന്ന ഹെഡിൽ 1,00,000 രൂപ ബാദ്ധ്യതയുണ്ട്. ഈ നീക്കിയിരിപ്പ് തുകയിൽ 24.06.2015 ന് 41500031 നമ്പർ വൗച്ചർ മുഖേന അക്കൗണ്ടിൽ വരവു വന്ന തുകയാണ്. ഇത് എന്ത് ആവശ്യത്തിന് ലഭിച്ചതാണ് എന്ന് നാളിതു വരെ കണ്ടെത്തിയിട്ടില്ല.

D) 31.03.2022-ലെ ബാലൻസ് ഷീറ്റിൽ 350400501-Refunds Payable- Grants&Funds എന്ന ഹെഡിൽ 36,605രൂപ നീക്കിയിരിപ്പുണ്ട്. ഈ തുകയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

E). 31.03.2022 ലെ ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ B-2 Special Funds- 311100101- എന്ന ഹെഡിൽ 1,338 രൂപ ബാലൻസ് കാണിക്കുന്നു, എന്നാൽ ദുരിതാശ്വാസ നിധിയിനത്തിലെ ഈ തുകയുടെ ബാങ്ക് ബാലൻസ് B-17-cash And Bank Balance-ൽ 2,338 രൂപയാണ്.

F).31.03.2022 ലെ ബാലൻസ് ഷീറ്റിൽ 460509901-Advance To Others എന്ന ഹെഡിൽ 13,01,070 രൂപ കിട്ടാനുള്ള തുകയായി കാണിച്ചിട്ടുണ്ട്. എന്നാൽ മേൽ ലെഡ്ജർ പരിശോധിച്ചപ്പോൾ 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച Advance To Others എന്ന ഹെഡിൽ അക്കൗണ്ട് ചെയ്യപ്പെട്ട അപാകതകൾ പരിഹരിച്ചിട്ടുണ്ടെങ്കിലും തിരിച്ച് കിട്ടാനുള്ള തുകയിൽ 51,790 രൂപയുടെ വ്യത്യാസം കാണുന്നു. പഞ്ചായത്തിലെ ബില്ല് രജിസ്റ്റർ പ്രകാരം MGNREGA-യ്ക്ക് തനത് ഫണ്ടിൽ നിന്ന് അഡ്വാൻസ് നല്കിയ വകയിൽ 12,17,288രൂപ 31.03.2022-ൽ പഞ്ചായത്തിന് തിരികെ കിട്ടാനുണ്ട്, കൂടാതെ സാക്ഷരതാ പ്രേരകിന് ഹോണറേറിയം നല്കിയ വകയിൽ 31,992 രൂപയും കൂടി ആകെ 12,49,280രൂപയാണ് മേൽ ഹെഡിൽ ബാലൻസ് വേണ്ടിയിരുന്നത്. ആയത് ക്രമീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേയ്മെൻറ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2021-22 |
|---|---|
| മുന്നിരിപ്പ് | 35,73,946 |
| വരവ് | 4,36,32,193 |
| ആകെ | 4,72,06,139 |
| ചെലവ് | 4,23,07,073 |
| നീക്കിയിരിപ്പ് | 48,99,066 |

## 1-4 വിവിധ ഫണ്ടുകളുടെ വിനിയോഗ വിവരം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതു വിഭാഗം | 0 | 11938000 | 11938000 | 11938000 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1631000 | 1631000 | 1631000 | 0 | 100 |
| വികസനഫണ്ട് ടിഎസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാൻറ് റോഡ് | 0 | 3616000 | 3616000 | 2381635 | 1234365 | 65.86 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാൻറ് നോൺ റോഡ് | 0 | 4845250 | 4845250 | 3852717 | 992533 | 79.52 |
| ധനകാര്യ കമ്മീഷൻ ബേസിക്ക് ഗ്രാൻറ് | TRY-0 | 25709 | 25709 | 25709 | 0 | 100 |
| | BANK-0 | 2256270 | 2256270 | 2223000 | 33270 | 98.53 |
| ധനകാര്യ കമ്മീഷൻ ഗ്രാൻറ് (Tied) | TRY-0 | 2052341 | 2052341 | 1400467 | 651874 | 68.24 |
| | BANK-0 | 3334000 | 3334000 | 2061967 | 1272033 | 61.85 |
| ആകെ | 0 | 28374197 | 28374197 | 23892428 | 4481769 | 84.2 |

(വികസനഫണ്ട് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത ₹15,63,400 (ജനറൽ), ₹58,667 (എസ്.സി.പി.) എന്നീ തുകകൾ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്.)

ഫണ്ട് വിനിയോഗം (റസീറ്റ് & പേയ്മെൻറ് സ്റ്റേറ്റ്മെൻ്റ് പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതു വിഭാഗം | 0 | 10374600 | 10374600 | 10374600 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1572333 | 1572333 | 1572333 | 0 |
| വികസനഫണ്ട് ടിഎസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാൻറ് റോഡ് | 0 | 2381635 | 2381635 | 2381635 | 0 |
| സംരക്ഷണ ഗ്രാൻറ് നോൺ റോഡ് | 0 | 3852717 | 3852717 | 3852717 | 0 |
| ധനകാര്യകമ്മീഷൻ ബേസിക്ക് ഗ്രാൻറ് | TRY - 0 | 25709 | 25709 | 25709 | 0 |
| | BANK -0 | 2256270 | 2256270 | 2223000 | 33270 |
| ധനകാര്യകമ്മീഷൻ ഗ്രാൻറ് (Tied) | TRY - 0 | 1400467 | 1400467 | 1400467 | 0 |
| | BANK -0 | 3334000 | 3334000 | 2061967 | 1272033 |
| ബിഫണ്ട് | | | | | |

| | | | | | |
|---|---|---|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 2040 | 2040 | 0 | 0 |
| വിവാഹ ധനസഹായം | 0 | 120000 | 120000 | 0 | 0 |
| എസ്.ടി.എസ്.ബി | 0 | 27000 | 27000 | 0 | 27000 |
| ടി.എസ്.ബി-ജനറൽ പർപ്പസ് അക്കൗണ്ട് * | 1221500 | 7768604 | 8990104 | 7990104 | 1000000 |
| സംയുക്ത പദ്ധതി (ബ്ലോക്ക്പഞ്ചായത്ത്) | 168384 | 288178 | 456562 | 288178 | 168384 |
| സംയുക്ത പദ്ധതി (ജില്ലാപഞ്ചായത്ത്) | 100000 | 750000 | 850000 | 750000 | 100000 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | |
| തൊഴിലുറപ്പ് പദ്ധതി | 29536 | 631984 | 661520 | 661520 | 0 |
| ഐസിഡി എസ് കേന്ദ്രവിഹിതം | 228380 | 622389 | 850769 | 200000 | 650769 |
| NPRPD | 360000 | 0 | 360000 | 0 | 360000 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| സാക്ഷരത | 1381 | 55 | 1436 | 0 | 1436 |
| ശുചിത്വ മിഷൻ | 2663603 | 264002 | 2927605 | 1036707 | 1890898 |
| വിമുക്തി | 764 | 0 | 764 | 0 | 764 |
| കേരളോത്സവം | 14 | 0 | 14 | 0 | 14 |
| ലൈഫ് പദ്ധതി സംസ്ഥാന വിഹിതം | 0 | 600000 | 600000 | 500000 | 100000 |
| ദുരിതാശ്വാസ നിധി | 0 | 2338 | 2338 | 0 | 2338 |

കുറിപ്പ് : 1).മേൽ വിവരിച്ച വരവു ചെലവുകൾ കൂടാതെ, ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ തൻ വർഷം 77,68,604/-രൂപ വരവുണ്ട്. ഇതിൽ 9,16,604രൂപ വിടവ് നികത്തൽ ഫണ്ടിനത്തിൽ ലഭിച്ച തുകയാണ്.

2).തൊഴിലുറപ്പ് പദ്ധതി ഇനത്തിൽ 4,20,66,207 രൂപ FTO മുഖേന ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് കൈമാറിയിട്ടുണ്ട്.

3).മെയിന്റനൻസ് ഗ്രാന്റ്-Non Road ഫണ്ടിൽ നിന്ന് വോട്ടിങ്ങ് മെഷീൻ ചാർജായി 2020-21 വർഷം കുറവു ചെയ്ത തുക 35,250രൂപ തൻവർഷം 24/02/2022-ലെ സ.ഉ.(സാധാ) നം.1276/2022/ധന പ്രകാരം പ്രത്യേക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്.
കൂടാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടുകളിൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി 07/10/2021 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി).6591/2021/ഫിൻ പ്രകാരം മുൻവർഷം ലാപ്സായ തുക അധിക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്.

1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്കുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 131 | 40909109 | 114 | 30141910 | - | 17 | 87.02 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2021-22 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2021-22 വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ തുക | |
| 1 | സെക്രട്ടറി | 29 | 8591624 | 28 | 8002027 | 93.14 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 0 | 0 | 0 | 0 | 0 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 49 | 12823265 | 40 | 6910660 | 53.89 |
| 4 | കൃഷി ഓഫീസർ | 6 | 1541350 | 6 | 1541350 | 100 |
| 5 | വെറ്റിനറി സർജൻ | 5 | 1092943 | 5 | 1076193 | 98.47 |

| | | | | | | |
|---|---|---|---|---|---|---|
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 17 | 8010760 | 16 | 4972800 | 62.08 |
| 7 | ഐ സി ഡി എസ് സൂപ്പർവൈസർ | 9 | 3960034 | 7 | 3820329 | 96.47 |
| 8 | പ്രധാനാധ്യാപകൻ | 6 | 860000 | 3 | 640000 | 74.42 |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 2 | 652800 | 2 | 652800 | 100 |
| 10 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 4 | 1744333 | 4 | 1733751 | 99.39 |
| 11 | മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 100000 | 1 | 100000 | 100 |
| 12 | ഡയറി ഫാം ഇൻസ്പെക്ടർ | 1 | 250000 | 1 | 250000 | 100 |
| 13 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 1282000 | 1 | 442000 | 34.48 |
| | ആകെ | 131 | 40909109 | 114 | 30141910 | 73.68 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവ് | 29536 | 631984 | 661520 | 661520 | 0 |
| വേതനം,മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 42067207 | 42067207 | 42067207 | 0 |
| ആകെ | 29536 | 42699191 | 42728727 | 42728727 | 0 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി 2021-22 വർഷം 6063. പദ്ധതികളുൾപ്പെടുന്ന 29,26,46,090 രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമപഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 1542 പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്. വിവിധ പദ്ധതികളിലായി ആകെ 128884 തൊഴിൽ ദിനങ്ങൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്. 100 ദിനം തൊഴിൽ ലഭിച്ച 427 കുടുംബങ്ങളുണ്ട്

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻ വർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമപദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 2040 | 1 |
| കർഷക തൊഴിലാളി പെൻഷൻ | 5636800 | 354 |

| | | |
|---|---|---|
| വിധവാ പെൻഷൻ | 11957600 | 756 |
| വാർദ്ധക്യകാല പെൻഷൻ | 9039500 | 694 |
| വികലാംഗ പെൻഷൻ | 3352500 | 221 |
| അവിവാഹിതകളായ 50 വയസ്സിന് മേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 446400 | 30 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 120000 | 4 |

### 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-11-2022 തീയതിയിൽ 3.00p.m ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 111/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

### 1-9 ആഭ്യന്തര നിയന്ത്രണം

1) ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 26/08/2018 ലെ 8/18 നമ്പർ ഉത്തരവ് പ്രകാരം വിശദമായ ജോലി വിഭജനം നടത്തിയിട്ടുണ്ട്. തുടർന്ന് കാലാകാലങ്ങളിൽ ഭേദഗതി ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്.

2)ഐ.എൽ.ജി.എം.എസ് സംവിധാനം നിലവിൽ വന്നതിനാൽ ഫയൽ നീക്കങ്ങളിലുള്ള മോണിറ്ററിംഗിലും, സമയബന്ധിതമായി സേവനം നൽകുന്നതിലും പുരോഗതി ഉണ്ടായിട്ടുണ്ട്.

3) ഓഫീസ് മീറ്റീങ്ങ് - ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ച ചേർക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്. 2021-22 വർഷം 30/07/2021, 01/10/2021, 18/12/2021, 29/01/2022, 3/03/2022, എന്നീ തിയതികളിൽ ഓഫീസ് മീറ്റിങ്ങുകൾ ചേർന്നിട്ടുണ്ട്. ഓഫീസ് മീറ്റിങ്ങുകൾ കൃത്യമായ ഇടവേളകളിൽ നടത്തി ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഉണ്ടാവേണ്ടതും ആയത് മോണിട്ടറിങ്ങ് നടത്തേണ്ടതുമാണ്.

4) ഭരണ സംവിധാനം

ഓഡിറ്റ് വർഷം ഭരണ സമിതി 29 തവണ യോഗം ചേർന്നിട്ടുണ്ട്. വികസനം, ക്ഷേമം , പൊതുമരാമത്ത് , ആരോഗ്യ വിദ്യാഭ്യസം , ധനകാര്യം , എന്നീ സ്റ്റാന്റിംഗ് കമ്മറ്റികളും ഗ്രാമ പഞ്ചായത്ത് ഭരണ നിർവ്വഹണത്തിൽ തങ്ങളുടെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്കും, ജീവനക്കാർക്കും ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ, വിവര വ്യൂഹത്തിന്റെ പൂർണമാക്കൽ, പരിഷ്കരണം എന്നിവ നിരീക്ഷിക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. അത് ഉറപ്പ് വരുത്താൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുണ്ട്. കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ162a-b1(i) പ്രകാരം ഓഫീസ് പ്രവർത്തനം, രേഖകളുടെ സൂക്ഷിപ്പ്, അക്കൗണ്ട്സ്, ഓഡിറ്റ് എന്നിവയുടെ മേൽനോട്ടച്ചുമതല ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കാണ്.

6) കുടിശ്ശിക ഓഡിറ്റ് ഓഡിറ്റ് റിപ്പോർട്ടുകൾക്ക് മറുപടി ലഭ്യമാക്കുന്നതിനും, അവ തീർപ്പാക്കുന്നതിനും ഗ്രാമ പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഡിററ് മോണിറ്ററിംഗ് സമിതി തൻവർഷം വർഷം 29/07/2021, 08/12/2021, 07/02/2022 തിയതികളിൽ യോഗം ചേർന്നിട്ടുണ്ട്.

7) പ്രൊക്യൂർമെന്റ് കമ്മിറ്റി ഓഡിറ്റ് വർഷം 14/08/2021, 11/10/2021, 18/02/2022, 08/03/2022 എന്നീ തിയതികളിൽ യോഗം ചേർന്നിട്ടുണ്ട്. വാങ്ങൽ നടപടികൾ സമിതി അംഗീകാരത്തോടെയാണ് നടപ്പിലാക്കുന്നത്.

8) സമ്പൂർണ്ണവും കുറ്റമറ്റതുമായ ഡിജിറ്റൽ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിൽ പൂർണ്ണതയിൽ എത്താൻ സാധിച്ചിട്ടില്ല. ആയത് പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

9) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക

പത്രികകൾ തയ്യാറാക്കിയിട്ടുണ്ട്. .

10) ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് കാലികമാക്കിയിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, എന്നിവ എഴുതി സൂക്ഷിക്കുന്നുണ്ട്.

11)തെരുവ് വിളക്കുകളുടെയും, പൊതു ടാപ്പുകളുടെയും എണ്ണം സംയുക്ത പരിശോധന നടത്തി ക്രമപ്പെടുത്തിയിട്ടില്ല. സംയുക്ത പരിശോധന നടത്തി അതനുസരിച്ച് പ്രതിമാസ ചാർജ്ജ് ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

12) തനത് വരുമാനത്തിലെ കുറവ് ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രതീക്ഷകൾക്ക് തടസ്സമായിട്ടുണ്ട്. ടൂറിസം മേഖലയിൽ നിക്ഷേപങ്ങൾ ആകർഷിക്കുവാൻ സാധിച്ചാൽ ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് സഹായകരമായിരിക്കും.

13) ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി നിർവ്വഹിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിനും, സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി ഗ്രാമ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന്റെയും ഫലപ്രാപ്തി ഉറപ്പാക്കുവാനും, കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കി അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകനം ചെയ്ത് ഉചിതമായി പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കണം.

1-10 വസ്തു നികുതി - ചില ഉപയോഗക്രമങ്ങൾക്ക് നിരക്കുകൾ നിശ്ചയിച്ചിട്ടില്ല.

14.01.2011 ലെ സ.ഉ(അ) നം. 19/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 36/2011 വിജ്ഞാപനം പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രബല്യത്തിൽ വരുന്ന തീയതിയും സർക്കാർ നിശ്ചയിച്ചിരുന്നു. ഇതിൽ 2011 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ഈടാക്കുന്നുണ്ട്. എന്നാൽ 24.02.2015-ലെ സ.ഉ(അ)നം.36/2015/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 100/2015 വിജ്ഞാപനം പ്രകാരവും 08.09.2020-ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 575/2020 വിജ്ഞാപനം പ്രകാരവും ഉപയോഗക്രമങ്ങൾ കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിരുന്നു. എന്നാൽ ഈ ഭേദഗതികൾ അനുസരിച്ച് ഉത്തരവുകളിൽ പ്രതിപാദിച്ചിട്ടുള്ള ഉപയോഗ ക്രമങ്ങളിൽപ്പെടുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിച്ചിട്ടില്ല. ഭേദഗതി ഉത്തരവ് പ്രകാരമുള്ള ഉപയോഗ ക്രമങ്ങളുടെയും നിരക്കുകളുടെയും വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 1 | സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ | 30 | 60 |
| 2 | വിദ്യാഭ്യാസ സ്ഥാപനത്തിൻറെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം അവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാൻറീൻ, വർക്ക്ഷോപ്പ് | 3 | 8 |
| 3 | കാർഷിക ആവശ്യത്തിനുള്ളവ | 0 | 0 |

| | | | |
|---|---|---|---|
| 4 | ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ | 150 | 160 |
| 5 | റസിഡൻഷ്യൽ ഹോംസ്റ്റേ | 10 | 25 |

മേൽ പട്ടികയിലെ ഉപയോഗക്രമങ്ങൾക്ക് നികുതി നിർണ്ണയം നടത്തിയിട്ടുണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/22.11.2022) മറുപടി ലഭ്യമാക്കിയില്ല.

സർക്കാർ നിർദ്ദേശിച്ച കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ബാധകമാക്കാവുന്ന നികുതി നിരക്ക് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്താത്തത് തെറ്റായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിക്കുന്നതിനും നികുതി നഷ്ടത്തിനും കാരണമാവുന്നു. ആയതിനാൽ പ്രസ്തുത ഗണത്തിലുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും നികുതി നിർണ്ണയം സംബന്ധിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. മേൽ സൂചിപ്പിച്ച ഏതെങ്കിലും വിഭാഗം കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിൽ അടിയന്തിരമായി നിരക്ക് പുതുക്കി നിശ്ചയിക്കേണ്ടതും തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-11 ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ വിതരണം തുടരുന്നു

വലിയപറമ്പ ഗ്രാമപഞ്ചായത്തിലെ 2021, 2022 വർഷങ്ങളിലെ ഡെത്ത് രജിസ്ട്രേഷൻ രേഖകളിൽ നിന്നും ലഭിച്ച ആധാർ വിവരങ്ങൾ സേവന സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ കർഷക പെൻഷന്റെയും വിവിധ ക്ഷേമപെൻഷനുകളുടെയും ചില ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ വിതരണം ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

കർഷക പെൻഷൻ

കൃഷിഭവൻ മുഖേന പെൻഷൻ വാങ്ങിവരുന്ന ചില ഗുണഭോക്താക്കൾക്ക് മരണശേഷവും കർഷക പെൻഷൻ വിതരണം ചെയ്യുന്നതായി കാണുകയുണ്ടായി. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കർഷക പെൻഷൻ ഐ.ഡി | മരണപ്പെട്ട തിയതി/രജി.നം | മരണപ്പെട്ട ശേഷം പെൻഷൻ അനുവദിച്ച കാലയളവ് | തുക |
|---|---|---|---|---|---|
| 1 | പി.പി.അഹമ്മദ്ഹാജി | 2220256539 | 30.10.2021 രജി.നം.68/21 | 11/2021 മുതൽ 09/2022 വരെ | 17,600 |
| 2 | പി.വി.രാഘവൻ | 2220256487 | 12.03.2022 രജി.നം.23/22 | 04/2022മുതൽ 09/2022 വരെ | 9,600 |
| | | | | ആകെ | 27,200 |

മേൽ വിഷയം പരിശോധിച്ച് ഇക്കാര്യം മരണപ്പെട്ടവരുടെ ബന്ധുക്കളെ അറിയിച്ച് അനർഹമായി അനുവദിച്ച കർഷക പെൻഷൻ തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. കർഷകപെൻഷൻ വിതരണവുമായി ബന്ധപ്പെട്ട നടപടികൾ കൃഷി ഭവൻ മുഖേന സ്വീകരിക്കുന്നതിനാൽ കൃഷി ഭവൻ മുഖേന കർഷക പെൻഷൻ വാങ്ങിവരുന്ന മുഴുവൻ ഗുണഭോക്താക്കളുടേയും വിവരങ്ങൾ , ഗ്രാമ പഞ്ചായത്തിൽ നിന്നും ശേഖരിച്ച്, മരണപ്പെട്ടവരെ പെൻഷൻ പട്ടികയിൽ നിന്നും ഒഴിവാക്കുവാനും, മരണ ശേഷം തുക അനുവദിച്ച കേസുകളിൽ തുക തിരികെ

ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.7/21-22 തീയതി:24.11.2022)

ക്ഷേമനിധി പെൻഷനുകൾ

വിവിധ ക്ഷേമനിധി ബോർഡുകൾ മുഖേന പെൻഷൻ വാങ്ങിവരുന്ന ചില ഗുണഭോക്താക്കളുടെമരണശേഷവും പെൻഷൻ അക്കൗണ്ട് ആക്ടീവ് ആയി നിലനിൽക്കുന്നതായി 2021, 2022 വർഷങ്ങളിലെ വലിയപറമ്പ ഗ്രാമപഞ്ചായത്തിലെ ഡെത്ത് രജിസ്ട്രേഷൻ രേഖകളിൽ നിന്നും ലഭിച്ച ആധാർ വിവരങ്ങൾ സേവന സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ കണ്ടെത്തിയിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി പെൻഷൻ ഐ.ഡി | മരണപ്പെട്ട തിയതി/രജി.നം |
|---|---|---|---|
| 1 | മൊയ്തീൻ തയ്യിൽ | 2090019133 | 13.01.2021 രജി.നം.09/2021ം, |
| 2 | കരുണാകരൻ മാട്ടുമ്മൽ | 2090027028 | 18.05.2021 രജി.നം.32/2021 |
| 3 | കോരൻ.പി.പി | 2090047369 | 02.09.2021 രജി.നം.60/21 |
| 4 | മുഹമ്മദലി.കെ.കെ | 2090042471 | 29.11.2021 രജി.നം.70/21 |
| 5 | കുന്നമ്മൽ അബ്ദുള്ള | 2090002256 | 04.11.21 രജി.നം.64/21 |
| 6 | പി.വി.മുഹമ്മദ് | 2090035820 | 27.12.21 രജി.നം.03/22 |
| 7 | കുഞ്ഞിരാമൻ.പി.പി | 2090047013 | 27.02.2022 രജി.നം.15/22 |
| 8 | ദാമോദരൻ.കെ | 293374340 | 09.06.2022 രജി.നം.35/22 |
| 9 | ചന്ദ്രമതി.ടി.വി | 2090059334 | 11.03.2022 രജി.നം.18/22 |
| 10 | മൊയ്തീൻ.കെ.കെ | 2090063682 | 18.04.2022 |

| | | | |
|---|---|---|---|
| | | | രജി.നം.24/22 |

കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി പെൻഷൻ ഐ.ഡി | മരണപ്പെട്ട തിയതി/രജി.നം |
|---|---|---|---|
| 1 | എൻ.പി.കുമാരൻ | 2043126854 | 14.05.2021<br>രജി.നം.44/2021 |
| 2 | കുഞ്ഞമ്പു.പി.പി | 2043057463 | 16.02.2022<br>രജി.നം.20/2022 |
| 3 | കല്ല്യാണി.ടി | 2043091020 | 02.09.2021<br>രജി.നം.60/21 |

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി പെൻഷണർ ഐ.ഡി | മരണപ്പെട്ട തിയതി/രജി.നം |
|---|---|---|---|
| 1 | വൈക്കത്ത് ദാമോദരൻ | 2133403826 | 30.09.2021<br>രജി.നം.59/2021 |

കേരള റേഷൻ ഡീലേർസ് ക്ഷേമനിധി ബോർഡ്

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി പെൻഷൻ ഐ.ഡി | മരണപ്പെട്ട തിയതി/രജി.നം |
|---|---|---|---|
| 1 | പി.ദാമോദരൻ | 2140000790 | 10.06.2022<br>രജി.നം.29/2022 |

മേൽ വിഷയം ബന്ധപ്പെട്ട ക്ഷേമനിധി ബോർഡുകളെ അറിയിച്ച് ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ വിതരണം നടത്തിയിട്ടുണ്ടെങ്കിൽ ടിയാരുടെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.6/2021-22 തീയതി:24.11.2022).

1-12 കുടിവെള്ള ചാർജ്ജ് - ഒടുക്കുന്ന തുക യഥാസമയം വരവിലെടുക്കാതെ പിഴ ഈടാക്കുന്നു.

കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ള ചാർജ്ജ് കുടിശ്ശിക നൽകുന്നതിന് പ്രൊജക്ട് നം.102/22 പ്രകാരം 2021-22 വർഷം 8,60,698/- രൂപ നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 2020-21 വാർഷിക പദ്ധതി പ്രകാരം (പ്രൊ.നം 2/21) 24.2.2021 ൽ കുടിവെള്ള ചാർജ്ജ് ഇനത്തിൽ വാട്ടർ അതോറിറ്റിക്ക് കൈമാറിയ 1,36,471/- രൂപ (ബിൽ നം.01145750/24.02.2021) 7 മാസങ്ങൾക്ക് ശേഷം 10/2021 നാണ് വാട്ടർ അതോറിറ്റി അധികൃതർ വരവിലെടുത്തിട്ടുള്ളത് എന്ന് കാണുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് മേൽ പ്രകാരം കൈമാറിയ 1,36,471/- രൂപ ഉൾപ്പടെ കുടിശ്ശികയായി കണക്കാക്കി 03/21 മുതൽ 09/21 വരെയുള്ള കാലയളവിൽ 50,392/- രൂപ പിഴ ചുമത്തി ഈടാക്കിയിട്ടുണ്ട്.

ഗ്രാമ പഞ്ചായത്ത് ഒടുക്കിയ 1,36,471/- രൂപ കണക്കിൽ എടുക്കാതെ പ്രസ്തുത തുകയ്ക്ക് ഉൾപ്പടെ പിഴ ഈടാക്കിയതിനാൽ ഗ്രാമ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇക്കാര്യം ജല അതോറിറ്റി അധികൃതരെ രേഖാമൂലം ധരിപ്പിച്ച് അധികമായി ഈടാക്കിയ പിഴ സംഖ്യ തിരികെ ഈടാക്കുവാനോ , തുടർബില്ലുകളിൽ ക്രമീകരിക്കുവാനോ നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിലവിൽ 128 പൊതു ടാപ്പുകൾക്കാണ് ഗ്രാമ പഞ്ചായത്ത് വെള്ളക്കരം ഒടുക്കുന്നത് . 23.1.2017 ലാണ് അവസാനമായി സംയുക്ത പരിശോധന നടത്തിയിട്ടുള്ളത്. നിലവിൽ പ്രസ്തുത ടാപ്പുകൾ എല്ലാം പ്രവർത്തനക്ഷമമാണോ എന്നത് സംബന്ധിച്ച് കൃത്യത ഉറപ്പുവരുത്തുന്നതിനായി കേരള വാട്ടർ അതോറിറ്റി അധികൃതരുമായി ബന്ധപ്പെട്ട് സംയുക്ത പരിശോധന നടത്തി ആയതുപ്രകാരം പ്രതിമാസ കുടിവെള്ള ചാർജ്ജ് ക്രമീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 2/21.11.2022)

## 1-13 വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രൊ.നം 97/22 പ്രകാരം ഗ്രാമ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ വൈദ്യുത ലൈൻ ദീർഘിപ്പിക്കുന്നതിന് കേന്ദ്രധനകാര്യക്കമ്മീഷൻ വിഹിതത്തിൽ നിന്നും 7,01,109/- രൂപ (വൗ.നം.XVFC/21-22/P/11/7/2/2022) കെ.എസ്.ഇ.ബി തൃക്കരിപ്പൂർ സെക്ഷനം,, 11,04,574/- രൂപ (വൗ.നം.XVFC/21-22/P/12//10/2/2022) പടന്ന സെക്ഷനം നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ കെ.എസ്.ഇ.ബിയ്ക്ക് കൈമാറിയ 18,05,683/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-14 അങ്കണവാടി പോഷകാഹാര വിതരണം- ഉത്തരവിന് വിരുദ്ധമായി ജി.എസ്.ടി ഈടാക്കി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അങ്കണവാടി പോഷകാഹാരം |
| പ്രോജക്ട് നമ്പർ | 14/2021-22 |
| അടങ്കൽ | 20,25,000/- |
| ചെലവ് | 20,25,000/- |
| നിർവഹണഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |

2021-22 വർഷത്തെ അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി അങ്കണവാടികളിൽ ഭക്ഷ്യധാന്യം വിതരണം ചെയ്തത് Suplyco മാവേലി സ്റ്റോർ, വലിയപറമ്പ എന്ന സ്ഥാപനമാണ്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017ലെ നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate)ലെ ക്രമ നം. 66 ക്ലോസ് (B)(ii) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അംഗൻവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി. പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021 നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള, അംഗൻവാടികൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഭക്ഷണവിതരണ പരിപാടികൾക്ക് ജി.എസ്.ടി ബാധകമല്ല എന്ന കാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ വലിയപറമ്പ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പോഷകാഹാര വിതരണപദ്ധതിയിലെ ഭക്ഷണസാധനങ്ങളുടെ ബില്ല് പരിശോധിച്ചതിൽ ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി ഈടാക്കിയതായി കാണുന്നു. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം | ബിൽ നം/ വൗച്ചർ നം | സാധനങ്ങളുടെ ഇൻവോയ്സ് നമ്പർ | ജി.എസ്.ടി. |
|---|---|---|---|
| 1 | ബില്ല് നം 02/തീ.05.08.2021 പ്രകാരമുള്ള 2,86,468 രൂപയിലെ ചെലവുകൾ | 2,26,946രൂപ (Invoice NoHO.1402121/21305 തീ.24.07.2021 | 7,938 |
| 2 | ബില്ല് നം 08/തീ.19.12.2021 പ്രകാരമുള്ള 2,20,308 രൂപയിലെ ചെലവുകൾ | 2,13,905രൂപ (Invoice No HO.1402121/21654 തീ.23.11.2021 | 7,674 |
| 3 | ബില്ല് നം 09/തീ.06.01.2022 പ്രകാരമുള്ള 2,11,966 രൂപയിലെ 1,58,698 രൂപയുടെ ചെലവ് + ചെക്ക് നം 5090984/തീ.07.01.2022 പ്രകാരമുള്ള 1,12,684 രൂപയിലെ 1,01,918രൂപയുടെ ചെലവും | 2,60,616രൂപ (Invoice No HO.1402121/21698 തീ.29.12.2021 | 9,043 |
| 4 | ബില്ല് നം 09/തീ.06.01.2022 പ്രകാരമുള്ള 2,70,727 രൂപയിലെ 2,60,191 രൂപയുടെ ചെലവ് + ചെക്ക് നം 016501/തീ.18.03.2022 പ്രകാരമുള്ള 11,092രൂപയുടെ ചെലവും | 2,71,282രൂപ (Invoice No HO.1402121/21739 തീ.28.02.2022 | 9,451 |
| ആകെ | | | 34,106രൂപ |

ബില്ലിൽ ജി.എസ്.ടി ഇനത്തിൽ വിലയ്ക്കൊപ്പം ഈടാക്കിയിരിക്കുന്ന തുക സർക്കാരിലേക്ക് അടവാക്കിയിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല. ഈടാക്കിയ ജി.എസ്.ടി ഒടുക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. അങ്കണവാടി ഭക്ഷണവിതരണത്തിന് ബാധകമല്ലാത്ത ജി.എസ്.ടി കൂടി ഉൾപ്പെട്ട തുക വിതരണ സ്ഥാപനത്തിന് നൽകിയത് മൂലം പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികച്ചെലവുണ്ടായിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021നമ്പർ സർക്കുലറിൽ അങ്കണവാടി പോഷകാഹാര വിതരണത്തെ 28/06/2017 ലെ ജി.എസ്.ടി നോട്ടിഫിക്കേഷൻ പ്രകാരം തന്നെ ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുള്ളതിനാൽ മേൽ പ്രകാരം അധികച്ചെലവ് വന്നതിന് വിശദീകരണം ലഭ്യമാക്കാക്കേണ്ടതാണ്, കൂടാതെ ജി.എസ്.ടി തുക സർക്കാരിൽ ഒടുക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

1-15 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള-സ്കോളർഷിപ്പ്- ചെലവ് സംബന്ധിച്ച എല്ലാ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് നം: 124/2021-22-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള-സ്കോളർഷിപ്പ്- നിർവഹണ ഉദ്യോഗസ്ഥ- ഐ.സി.ഡി.എസ്. സൂപ്പർവൈസർ

| ഫണ്ടിനം | അടങ്കൽ | ചെലവ്തുക | ബില്ല് നമ്പർ/ ചെക്ക് നമ്പർ |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 3,35,615 | 3,35,615 | ബില്ല് നം- 3/തീ.16.9.2021 (1,28,528 രൂപ) + ചെക്ക് നം.4250181 /തീ.11.2.22(76,000 രൂപ) + ചെക്ക് നം.4250182 /തീ.10.3.22(35,847 രൂപ) + ചെക്ക് നം.4250184/തീ.25.3.22(95,240 രൂപ) |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2,40,000 | 2,40,000 | ബില്ല് നം- 12/തീ.10.3.2022 (2,40,000 രൂപ ) |
| വികസനഫണ്ട് (ജനറൽ) | 8,11,400 | 8,11,400 | ബില്ല് നം-6/തീ.22.10.2021(3,71,180രൂപ) + ബില്ല് നം-10/തീ.2.2.2022 (1,58,100രൂപ) + ബില്ല് നം- 14/തീ.10.3.2022 ( 2,82,120രൂപ) |
| ആകെ | 13,87,015 | 13,87,015 | |

14.02.2018-ലെ സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകുന്ന സ്കോളർഷിപ്പിനും ബത്തയ്ക്കുമുള്ള തുക നിർബന്ധമായും വകയിരുത്തേണ്ടതുണ്ട്. പ്രസ്തുത ഉത്തരവിലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക നമ്പർ 7.1.6 പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകേണ്ട സ്കോളർഷിപ്പ് തുകയുടെ നിരക്കുകൾ നൽകുകയും നിശ്ചിത നിരക്കുകൾ പ്രകാരം സ്കോളർഷിപ്പ് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പും വാർഷിക ബത്തയും ഉൾപ്പെടെ ഏറ്റവും താഴ്ന്ന ക്ലാസ്സിൽ പഠിക്കുന്നവർക്ക് മിനിമം 5300 രൂപയ്ക്കും മാനസികവെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതി വർഷം 28,500 രൂപയ്ക്ക് വരെയും അർഹതയുണ്ട്. 2021-22 വർഷം നടപ്പിലാക്കിയ മേൽ പ്രൊജക്ടിൽ 2020-21 വർഷം നല്കുവാൻ ബാക്കിയുള്ള 3,31,400 രൂപ കൂടി ഉൾപ്പെടുത്തിയിരുന്നു. എന്നാൽ 2020-21 വർഷം എത്ര കുട്ടികൾക്കാണ് തുക നല്കുവാനുണ്ടായത് എന്ന വിവരം ഹാജരാക്കിയ ഫയലുകളിൽ നിന്ന് ലഭ്യമല്ല. കൂടാതെ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകിയ സ്കോളർഷിപ്പ് തുക മാറി നല്കിയ ട്രഷറി ബില്ലിന്റെ പകർപ്പ് മാത്രമാണ് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയത്, മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെയും, വിവിധ ക്ലാസുകളിൽ പഠിക്കുന്ന ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെയും വിവരങ്ങളൊന്നും തന്നെ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള-സ്കോളർഷിപ്പ് വിതരണവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം-5തീയ്യതി.24-11-2022). മേൽ രേഖകളുടെ അഭാവത്തിൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 13,87,015 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-16 ഭിന്നശേഷിക്കാരുടെ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

വാർഷിക പദ്ധതി മാർഗ്ഗരേഖയിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ ഒരു ഡാറ്റാ ബേസ് തയ്യാറാക്കാനും സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ കാലികമാക്കി സൂക്ഷിക്കാനും നിർദ്ദേശമുണ്ട്. 17.08.16ലെ 2465/2016/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലും ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടേയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിക്കാൻ നിർദ്ദേശമുണ്ട്. ഭിന്നശേഷിക്കാരുടെ ഡാറ്റാബേസ് സൂക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ നടപടി സ്വീകരിച്ച് ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം-5തീയ്യതി 24-11-2022).

1-17 പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ- കണക്കുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ 2010ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ

നിയന്ത്രണത്തിലുള്ള പി.എച്ച്.സി. മാവിലാക്കടപ്പുറം, കുടുംബാരോഗ്യ കേന്ദ്രം വലിയപറമ്പ എന്നീ ആശുപത്രികളിൽ ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും അവയുടെ വാർഷിക കണക്കുകൾ നാളിതുവരെയായും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഗ്രാമപഞ്ചായത്തിലെ ആശുപത്രികളുടെ പ്രവർത്തനത്തിൽ ഫലപ്രദമായി ഇടപെടുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യേണ്ടതായിട്ടുണ്ട്. പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള 2010ലെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി ചട്ടങ്ങൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിൽ നടക്കുന്നുവെന്നും, നാളിതുവരെയുള്ള വാർഷിക കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് സമർപ്പിക്കുന്നുവെന്നും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

## 1-18 തൊഴിലുറപ്പ് പദ്ധതി-നിർമ്മാണ പ്രവൃത്തി ജി.എസ്.ടി ,ആദായനികുതി എന്നിവ ഈടാക്കിയിട്ടില്ല

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. കൂടാതെ 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക (സ്ഥാപനങ്ങളിൽ നിന്നും 2%) സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. 2021-22 വർഷം നിർമ്മാണം പൂർത്തിയാക്കിയ ചുവടെ ചേർത്ത പ്രവൃത്തികളുമായി ബന്ധപ്പെട്ട് മേൽ ഉത്തരവുകൾ പ്രകാരം ഈടാക്കേണ്ട നികുതികൾ ഈടാക്കിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 30.07.2019 ലെ സർക്കുലറിലെ നിർദ്ദേശം പാലിച്ച് ജി.എസ്.ടിയും, ആദായ നികുതി നിയമപ്രകാരമുള്ള ആദായ നികുതിയും കണക്കാക്കി കരാറുകാരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | എസ്റ്റിമേറ്റ് തുക | മെറ്റീരിയൽ തുക | ഈടാക്കേണ്ട ജി.എസ്.ടി @2% | ഈടാക്കേണ്ട ഐ.ടി @1% |
|---|---|---|---|---|---|---|
| 1 | പട്ടേൽ കടപ്പുറം ബോട്ട് ജട്ടിക്ക് സമീപം ഡ്രെയിനേജ് (F/P 367181) | എം.വി. കുഞ്ഞികൃഷ്ണൻ | 496020 | 336898 | 6738 | 3369 |
| 2 | മാടക്കൽ ബണ്ട് മുതൽ വടക്കോട്ട് പുതിയ തീരദേശ റോഡ് (R/C 306263) | എം.വി. കുഞ്ഞികൃഷ്ണൻ | 496662 | 380412 | 7608 | 3804 |
| 3 | ഇടയിലക്കാട് ടി.കെ രാജീവന്റെ വീട് മുതൽ പത്മാവതിയുടെ വീട് വരെ റോഡ് നിർമ്മാണം (R/C 295052) | എം.വി. കുഞ്ഞികൃഷ്ണൻ | 382048 | 285706 | 5714 | 2857 |
| 4 | മാടക്കൽ പെരിയകണ്ടം ഓവുചാൽ നിർമ്മാണം (F/P 356095) | എം.വി. കുഞ്ഞികൃഷ്ണൻ | 476275 | 330802 | 6616 | 3308 |

## 1-19 ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ

പൂർത്തിയാക്കിയിട്ടില്ല.

01.11.2017 ലെ സ.ഉ(അച്ചടി) നം. 87/2017/തസ്വഭവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. ഫിനാൻസ് വകുപ്പിന്റെ 01.03.2019 ലെ സർക്കുലർ നമ്പർ 18/2019/ഫിൻ പ്രകാരം ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിനുള്ള രീതി വിശദമാക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കേരള പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 06.03.2019 ലെ CE/Admin/PLA//EMP/1014/(A)/05 നമ്പർ സർക്കുലർ മുഖേന 15.03.2019 മുതൽ നിലവിൽ വന്ന പുതുക്കിയ കോസ്റ്റ് ഇന്റക്സ് അടിസ്ഥാനമാക്കി എസ്റ്റിമേറ്റുകൾ തയ്യാറാക്കിയ പ്രവൃത്തികൾക്ക് 2019-20 ൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചിട്ടുണ്ട്.

01.11.2017 ലെ സ.ഉ(അച്ചടി) നം. 87/2017/തസ്വഭവ ഉത്തരവിന്റെ തുടർ ഉത്തരവായി 29.09,2018 ൽ പുറപ്പെടുവിച്ച ജി.ഒ(ആർ.ടി)നം.2532/2018/തസ്വഭവ ഉത്തരവിൽ ജി.എസ്.ടി കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിനായി കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷന്റെ മാതൃക (Statement Of Final Settlement Of Contract Amount And Declaration By The Contractor) അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

2020-21 ൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ഈ മാതൃകയിലുള്ള ഡിക്ലറേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ കൈപ്പറ്റിയിട്ടില്ല. ആയതിനാൽ ഈ പ്രവൃത്തികളിൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല.

2021-22 ൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിവരങ്ങൾ | അനുവദിച്ച ജി.എസ്.ടി കോമ്പൻസേഷൻ |
|---|---|---|
| 1 | മാവിലാകടപ്പുറം ഒരിയരകാവ് അമ്പലം റോഡ് റീടാറിംഗ് പ്രോജക്ട് നം-52/22) | 10,482 |
| 2 | പന്ത്രണ്ടിൽ എസ്.സി.ശ്മശാനം പൂർത്തീകരണം(പ്രോജക്ട് നം-S0084/22) | 16,992 |
| 3 | പട്ടേൽ കടപ്പുറം ബോട്ട് ജെട്ടി റോഡ് ടാറിംഗ്(പ്രോജക്ട് നം-S0081/22) | 20,962 |
| 4 | വലിയപറമ്പ ശ്മശാനം ബീച്ച് റോഡ് റീടാറിംഗ് (പ്രോജക്ട് നം-113/22) | 11,012 |
| 5 | കൃഷിഭവൻ പുനരുദ്ധാരണം (പ്രോജക്ട് നം-33/22) | 9,840 |
| 6 | മാടക്കാൽ സുനാമി കോളനി റോഡ് ടാറിംഗ് (പ്രോജക്ട് നം-67/22) | 26,685 |

| | | |
|---|---|---|
| 7 | ഇടയിലക്കാട് വായനശാല റോഡ് ടാറിംഗ് (പ്രോജക്ട് നം-66/22) | 24,053 |
| 8 | ഗ്രാമീൺ ബേങ്ക് മുതൽ ബോട്ട് ജെട്ടി വരെ റോഡ് ടാറിംഗ് (പ്രോജക്ട് നം-S0080/22) | 24,093 |
| 9 | മാവിലാകടപ്പുറം ജിഎൽപി സ്കൂൾ പുനരുദ്ധാരണം(പ്രോജക്ട് നം-S0090/22) | 34,212 |
| 10 | ഇടയിലക്കാട് FWCറോഡ് ടാറിംഗ് (പ്രോജക്ട് നം-S0078/22) | 22,338 |

ജി.എസ്.ടി കോമ്പൻസേഷൻ കൈപ്പറ്റിയ കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ വാങ്ങി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും തുകയിൽ ക്രമീകരണങ്ങൾ വേണ്ട പക്ഷം അവ നടപ്പിലാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം (കരാറുകാരിൽ നിന്നുമുള്ള സെൽഫ് ഡിക്ലറേഷൻ പകർപ്പ് ഉൾപ്പടെ) മറുപടി ലഭ്യമാക്കേണ്ടതാണ്.

1-20 ടി.ആർ 7-എ ക്യാഷ് ബുക്ക് ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല.

ധനകാര്യവകുപ്പിന്റെ 12.04.2006- ലെ ജി.ഒ. (പി). നമ്പർ .177/2006/ഫിൻ/ ഉത്തരവ് പ്രകാരം , നിർവഹണോദ്യോഗസ്ഥർ ടി.ആർ 7-എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് കണക്ക് രേഖപ്പെടുത്തേണ്ടതാണ്. .എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ ഡെയറി എക്സ്റ്റൻഷൻ ഓഫീസർ , ഉത്തരവ് പ്രകാരമുള്ള ക്യാഷ് ബുക്ക് ഉപയോഗിച്ചിട്ടില്ല. 12-04-2006 ലെ 177/2006-ാം നം ഉത്തരവ് പ്രകാരം ഖ.26.6 പ്രകാരമുള്ള അനുബന്ധം ബി. V-ൽ പ്രോജക്റ്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.തൻവർഷം പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ടെങ്കിലും നിർദ്ദിഷ്ട മാതൃകയിലുള്ള പ്രോജക്റ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. നിർവഹണോദ്യോഗസ്ഥർ ടി.ആർ 7-എ ക്യാഷ്ബുക്ക്, പ്രോജക്ട് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

1-21 ഭവനിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ.

ലൈഫ് ഭവന പദ്ധതി പ്രകാരം 2021-22വർഷത്തിൽ നിർമ്മാണമാരംഭിച്ച ചുവടെ ചേർത്ത ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. നിർമ്മാണം പൂർത്തീകരിക്കാത്ത വീടുകൾ നിലവിലുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് ,എത്രയും വേഗം പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | യൂണിറ്റ് കോസ്റ്റ് | കൈപ്പറ്റിയ തുക | നൽകാൻ ബാക്കിയുള്ള തുക | വീടിന്റെ ഇപ്പോഴത്തെ സ്റ്റേജ് |
|---|---|---|---|---|---|
| 1 | ശശികല.പി.വി W/O നാരായണൻ മാടക്കാൽ | 4,00,000 രൂപ | 3,00,000 രൂപ | 1,00,000 രൂപ | മേൽക്കൂര നിർമ്മാണം |

| | | | | | |
|---|---|---|---|---|---|
| 2 | വിനീത വിജയൻമാടക്കാൽ | 4,00,000 രൂപ | 3,00,000 രൂപ | 1,00,000 രൂപ | മേൽക്കൂര നിർമ്മാണം |
| 3 | രമ്യ സുമേഷ് | 4,00,000 രൂപ | 3,00,000 രൂപ | 1,00,000 രൂപ | മേൽക്കൂര നിർമ്മാണം |
| 4 | അശ്വതി.പി.കെ. മാവില കടപ്പുറം | 4,00,000 രൂപ | 3,00,000 രൂപ | 1,00,000 രൂപ | മേൽക്കൂര നിർമ്മാണം |

മേൽ ഗുണഭോക്താക്കളുടെ വീട് നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-22 സേവന പുസ്തകം- ആർജ്ജിത അവധി കണക്കാക്കിയതിൽ അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ സേവന പുസ്തകം പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട, ആർജ്ജിത അവധി കണക്കാക്കിയതുമായി ബന്ധപ്പെട്ട അപാകതകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1)ബർണാഡ്.എം.വി.സീനിയർ ക്ലാർക്ക്

സേവന പുസ്തകം പേജ് നം.37 പ്രകാരം 20.12.2010 മുതൽ 23.12.2010 വരെ പരിവർത്തിതാവധിയിലായിരുന്നു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കാലയളവ് ആർജ്ജിത അവധിക്ക് പരിഗണിക്കേണ്ടതില്ല. കൂടാതെ സേവന പുസ്തകം പേജ് നം. 55പ്രകാരം 03.06.2016 മുതൽ 10.06.2016വരെ 8 ദിവസവും 18.06.2016മുതൽ 08.07.2016 വരെ 21 ദിവസവും ചേർത്ത് ആകെ 29 ദിവസം പരിവർത്തിതാവധിയിലായിരുന്നു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട് .എന്നാൽ ഈ കാലയളവിൽ 23 ദിവസം മാത്രമാണ് ആർജ്ജിത അവധി പരിഗണിക്കുന്നതിനായി കുറവ് ചെയ്തിട്ടുള്ളത് . അപാകത ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

(2)സാജിദ.എം അക്കൗണ്ടന്റ്

സേവന പുസ്തകം പേജ് നം. 33 പ്രകാരം 04.07.2017 മുതൽ 12.07.2017 വരെ 9ദിവസം പരിവർത്തിതാവധിയിലായിരുന്നു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കാലയളവ് ആർജ്ജിത അവധിക്ക് പരിഗണിക്കേണ്ടതില്ല.

(3) ശ്രീകല.പി. ( ക്ലാർക്ക് TBHG-U )

സേവന പുസ്തകം പേജ് നം. 39 പ്രകാരം 31.07.2007 മുതൽ 25.08.2007 വരെ 26 ദിവസവുംസേവന പുസ്തകം പേജ് നം. 124 പ്രകാരം 04.07.20.2012 മുതൽ 12.07.2012 വരെ 9 ദിവസവും സേവന പുസ്തകം പേജ് നം. 124 പ്രകാരം 24.07.2012 മുതൽ 27.07.2012 വരെ 4 ദിവസവും പരിവർത്തിതാവധിയിലായിരുന്നു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കാലയളവ് ആർജ്ജിത അവധിക്ക് പരിഗണിക്കേണ്ടതില്ല.

(4) സുനിത. പി.പി. (ഓഫീസ് അറ്റന്റന്റ്)

സേവന പുസ്തകം പേജ് നം. 22പ്രകാരം 06.11.2017 മുതൽ 10.11.2017 വരെ 5ദിവസം പരിവർത്തിതാവധിയിലായിരുന്നു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കാലയളവ് ആർജ്ജിത അവധിക്ക് പരിഗണിക്കേണ്ടതില്ല

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2021-22 | 17.11.2022 & 18.11.2022 | അനുബന്ധം 1 ൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട് |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 59650 | 41/22 നെൽകൃഷിക്ക് കൂലി ചെലവ് | 59650 | 0 |
| | 2021-22 | 50000 | 57/22 സാന്ത്വന പരിചരണം | 50000 | 0 |
| | 2021-22 | 100000 | 12/22 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| | 2021-22 | 335615 | 13/22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 335615 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | 57/22 സാന്ത്വന പരിചരണം | 100000 | 0 |
| | 2021-22 | 360000 | 39/22 ലൈഫ് ഭവന പദ്ധതി | 360000 | 0 |
| | 2021-22 | 240000 | 13/22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 240000 | 0 |
| | 2021-22 | 50000 | 12/22 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 50000 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പദ്ധതിയുടെ പേര് | വൗച്ചർ നം/ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| KSEB | 97/22 പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ തെരുവുവിളക്കിന് ലൈൻ വലിക്കൽ | XVFC/21-22 /P/11/ 7/02/22 | 7,01,109/- | 0 | 7,01,109/- |
| | | XVFC/21-22 /P/12/ 10/02/22 | 11,04,574/- | 0 | 11,04,574/- |

### 4-4 മൊബലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-5 വായ്പാ/വായ്പാ തിരിച്ചടവ്

വായ്പാ ഇനത്തിൽ ലഭിച്ച തുകയുടെ വിവരവും വായ്പയിനത്തിലുള്ള തിരിച്ചടവിന്റെ വിവരവും

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ്നമ്പർ/ തീയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | GO(MS) 68/18 തീയതി.18/05/18, GO (MS) 100/18 തീയതി.30/07/18, GO (MS) 110/18 തീയതി.13/08/2018 | 1,19,72,413 | 1,02,99,080 + 60,000 (തൻവർഷ വരവ് ) = 1,03,59,080 | 938667 | 0 | 94,20,413 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 8,199/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ, തിയ്യതി |
|---|---|---|---|---|
| 2012-13 2013-14 | 3-2 | 1725 | ബാബു , ക്ലർക്ക് | 121100101121 , 24.03.2022 |
| 2019-20 | 1-15 | 6,474 | ഷൈലജ .എം.ടി, പി.ടി.എസ് | 121030100068, 07/06/2021 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ

ഗ്രാമ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 11 | 2005-06 | 2.95.2 | മുൻകൂർ നല്കി പ്രവൃത്തി പൂർത്തീകരിച്ചില്ല. | തൃക്കരിപ്പൂർ കടപ്പുറം-രാമന്തളി മരപ്പാലം നിർമ്മാണത്തിന്റെ പ്രായോഗികത സംബന്ധിച്ച എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ റിപ്പോർട്ട് ഒരു മാസത്തിനകം ഹാജരാക്കണമെന്നും, കൂടാതെ മുൻകൂർ ചെലവായ ഒരു ലക്ഷം രൂപയ്ക്കുള്ള വൗച്ചറുകളും വാല്യുവേഷൻ സർട്ടിഫിക്കറ്റും ഓഡിറ്റിനും ആയത് സംബന്ധിച്ച |

| | | | | | |
|---|---|---|---|---|---|
| | | | | | റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചിട്ടുണ്ട്.<br>സമിതി നിർദ്ദേശിച്ച പ്രകാരം കാസറഗോഡ് LID&EW ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പ്രായോഗികത പരിശോധന റിപ്പോർട്ട്, വലിയപറമ്പ ഗ്രാമ പഞ്ചായത്ത് LID&EW സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനിയറുടെ വാല്യൂവേഷൻ റിപ്പോർട്ട്, ഭരണ സമിതി തീരുമാനം എന്നിവ സഹിതം ലഭ്യമാക്കിയ മറുപടി പരിശോധിച്ച് , പരാമർശം ഒഴിവാക്കാവുന്നതാണെന്ന് ഡയറക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. (കെ.എസ്.എ/കെ.എസ്.ഡി.9 /559/2022. തീയ്യതി: 19-08-2022.) (LFAC 2016-19- 54 മത് റിപ്പോർട്ട് ഖ.15) |
| 2014-15 | 2-1 | 2016-17 | അധ്യായം.2 അനുബന്ധം 4 | തൊഴിൽ നികുതി പരാമർശങ്ങൾ | പരാമർശം തുടരുന്നു |
| 2015-16 | 2-5 | 2016-17 | അധ്യായം.2 അനുബന്ധം 5 | തൊഴിൽ നികുതി പരാമർശങ്ങൾ | പരാമർശം തുടരുന്നു |
| ഭൂമിശാസ്ത്ര പരമായും പാരിസ്ഥിതിക മായുള്ള വിഭിന്ന സാഹചര്യ ങ്ങളിൽ പരാധീനത നേരിടുന്ന ഗ്രാമ പഞ്ചായത്തുകൾ അവലോകനം -2017-18 | - | 2017-18 | അധ്യായം6 പേജ് 441 & 442 | ഭൂമിശാസ്ത്ര പരമായും പാരിസ്ഥി തികമായും ആയുള്ള വിഭിന്ന സാഹചര്യ ങ്ങളിൽ പരാധീനത നേരിടുന്ന ഗ്രാമ പഞ്ചായത്തുകൾ | മറുപടി ലഭ്യമാക്കിയില്ല പരാമർശം തുടരുന്നു |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹4,36,32,193 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹4,23,07,073 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹31,92,698/- |

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| - | ഇല്ല. | ഇല്ല. | - |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 13,87,015/- | രേവതി.പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-15 | 18,05,683/- | വിനോദ് കുമാർ.എം.പി, സെക്രട്ടറി |
| ആകെ | ₹31,92,698/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖ.1-18,
ജി.എസ്.ടി ₹26,676/-
ആദായ നികുതി ₹ 13,338/-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇല്ല. | ഇല്ല. | ഇല്ല. |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1987-88 To 1990-91 | നം.കെ.എസ്.എ/കെ.എസ്.ഡി10/489/22(1) തിയ്യതി. 20.08.2022 | 1 |
| 1991-92 To 1995-96 | നം.കെ.എസ്.എ/കെ.എസ്.ഡി10/489/22(2) തിയ്യതി. 20.08.2022 | 1 |
| 1996-97 (Final) | നം.കെ.എസ്.എ/കെ.എസ്.ഡി10/854/22(1) തിയ്യതി. 26.09.2022 | 3 |

| | | |
|---|---|---|
| 1997-98 Plan | നം.കെ.എസ്.എ/കെ.എസ്.ഡി10/145/22(2) തിയ്യതി. 20.08.2022 | 2 |
| 1998-99 Plan | നം.കെ.എസ്.എ/കെ.എസ്.ഡി10/145/22(3) തിയ്യതി. 20.08.2022 | 4 |
| 1998-99 | നം.LF/KSD. 3/175 /07 / തിയ്യതി 17.08.07 | 4 |
| 1999-2000 Plan | കെ.എസ്.എ/കെ.എസ്.ഡി9/301/22(13) തിയ്യതി. 13.04.2022 | 11 |
| 1999-2000 | നം.കെ.എസ്.എ/കെ.എസ്.ഡി10/854/22(3) തിയ്യതി. 20.09.2022 | 1 |
| 2000-01 | നം.കെ.എസ്.എ/കെ.എസ്.ഡി10/145/22(5) തിയ്യതി. 20.08.2022 | 1 |
| 2002-03 | നം.കെ.എസ്.എ/കെ.എസ്.ഡി10/145/22(7) തിയ്യതി. 20.08.2022 | 1 |
| 2003-04 | നം.കെ.എസ്.എ/കെ.എസ്.ഡി10/854/22(4) തിയ്യതി. 26.09.2022 | 2 |
| 2004-05 | നം.കെ.എസ്.എ/കെ.എസ്.ഡി10/145/22(9) തിയ്യതി. 20.08.2022 | 10 |
| 2005-06 | നം.കെ.എസ്.എ/കെ.എസ്.ഡി10/854/22(5) തിയ്യതി. 26.09.2022 | 6 |
| 2006-07 | നം.കെ.എസ്.എ/കെ.എസ്.ഡി10/489/22(3) തിയ്യതി. 20.08.2022 | 1 |
| 2007-08 | നം.കെ.എസ്.എ/കെ.എസ്.ഡി10/489/22(4) തിയ്യതി. 20.08.2022 | 3 |
| 2008-09 | നം.കെ.എസ്.എ/കെ.എസ്.ഡി10/489/22(5) തിയ്യതി. 20.08.2022 | 3 |
| 2009-10 | നം.കെ.എസ്.എ/കെ.എസ്.ഡി10/489/22(6) തിയ്യതി. 20.08.2022 | 5 |
| 2010-11, 2011-12 | നം.കെ.എസ്.എ/കെ.എസ്.ഡി10/489/22(7) തിയ്യതി. 20.08.2022 | 7 |
| 2012-13, 2013-14 | നം.കെ.എസ്.എ/കെ.എസ്.ഡി10/489/22(8) തിയ്യതി. 20.08.2022 | 6 |
| 2014-15 | നം.കെ.എസ്.എ/കെ.എസ്.ഡി10/489/22(9) തിയ്യതി. 20.08.2022 | 5 |
| 2015-16 | നം.കെ.എസ്.എ/കെ.എസ്.ഡി10/489/22(10) തിയ്യതി. 20.08.2022 | 3 |
| 2016-17 | നം.കെ.എസ്.എ/കെ.എസ്.ഡി10/489/22(11) തിയ്യതി. 20.08.2022 | 4 |
| 2017-18 | നം.കെ.എസ്.എ/കെ.എസ്.ഡി10/489/22(12) തിയ്യതി. 20.08.2022 | 8 |
| 2018-19 | നം.കെ.എസ്.എ/കെ.എസ്.ഡി10/489/22(13) തിയ്യതി. 20.08.2022 | 10 |
| 2019-20 | നം.KSA/KSD.6/416/2021 തിയ്യതി:29.06.2021 | 12 |
| 2020-21 | നം.കെ.എസ്.എ/കെ.എസ്.ഡി10/931/21 തിയ്യതി. 22.01.2022 | 11 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Valiyaparamba GramaPanchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 3573916.00 |
| Cash | Cash | RP-40(a) | 30.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 445430.00 |
| 130000000 | Rental income from Panchayat Properties | RP-3 | 1500.00 |
| 140000000 | Fees & User Charges | RP-4 | 141926.00 |
| 150000000 | Sale & Hire Charges | RP-5 | 82305.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 28544458.00 |
| 171000000 | Interest Earned | RP-9 | 32266.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 9630614.00 |
| 350000000 | Other Liabilities | RP-36 | 258846.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 47381.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 8034.00 |
| 311000000 | Earmarked Funds | RP-29 | 1338.00 |
| 330000000 | Secured Loans | RP-32 | 60000.00 |
| 340000000 | Deposits Received | RP-34 | 73899.00 |
| 350000000 | Other Liabilities | RP-36 | 68572.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4220624.00 |
| 460000000 | Loans, Advances and Deposits | RP-47 | 15000.00 |
| | Grand total | | 47206139.00 |
| | PAYMENTS | | |
| | Operating | | |

| | | | |
|---|---|---|---|
| 210000000 | Establishment Expenses | RP-11 | 2652674.00 |
| 220000000 | Administrative Expenses | RP-12 | 615629.00 |
| 230000000 | Operations & Maintenance | RP-13 | 326677.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 3213753.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 13514845.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1205591.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 1490776.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 122040.00 |
| 255000000 | Maintenance Projects | RP-20 | 4143043.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 7500.00 |
| 280000000 | Prior Period item | RP-26 | -50683.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1391701.00 |
| 350000000 | Other Liabilities | RP-36 | 5620093.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1290.00 |
| 280000000 | Prior Period Item | RP-26 | -1516.00 |
| 340000000 | Deposits Received | RP-34 | 20971.00 |
| 350000000 | Other Liabilities | RP-36 | 2315923.00 |
| 410000000 | Fixed Assets | RP-38 | 803479.00 |
| 412000000 | Capital work in Progress | RP-40 | 1403424.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 124607.00 |
| 460000000 | Loans, Advances and Deposits | RP-47 | 3385256.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 4899066.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 47206139.00 |

## അനുബന്ധം 4

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Valiyaparamba Grama Panchayat<br>INCOME & EXPENDITURE<br>STATEMENT | | | |
|---|---|---|---|
| For the period from<br>01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 1552894.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1500.00 |
| 140000000 | Fee & User Charges | I-4(b) | 171091.00 |
| 150000000 | Sale & Hire Charges | I-5(b) | 91435.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 106272962.00 |
| 171000000 | Interest Earned | I-8 | 32266.00 |
| 180000000 | Other Income | I-9 | 8038.00 |
| | Total Income | | 108130186.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9605551.00 |
| 220000000 | Administrative Expenses | I-11(b) | 615629.00 |
| 230000000 | Operations & Maintenance | I-12(b) | 326677.00 |
| 240000000 | Interest & Finance Charges | I-13 | 1290.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 3572168.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 57809060.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1266587.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1490776.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under | I-14(d) | 30554840.00 |

| | | | |
|---|---|---|---|
| | Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 4143043.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 7500.00 |
| | Total Expenditure | | 109393121.00 |
| | Gross Surplus/ Deficit of income over Expenditure | | -1262935.00 |
| 280000000 | Prior Period Item | I-18 | -2269387.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 1006452.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം 5

## ബാലൻസ് ഷീറ്റ്

| Valiyaparamba Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2021 to 31- March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -1068854.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 1338.00 |
| 312000000 | Reserves | B-3 | 40744174.00 |
| | Total Reserve & Surplus | | 39676658.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5407059.00 |
| | Total Grants, Contributions for Specific Purposes | | 5407059.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 9420413.00 |
| | Total Loans | | 9420413.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 648395.00 |

| | | | |
|---|---|---|---|
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 834149.00 |
| | Total Current Liabilities and Provisions | | 1482544.00 |
| | TOTAL LIABILITIES | | 55986674.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 63734188.00 |
| 411000000 | Accumulated Depreciation | B-11 | -25884565.00 |
| 412000000 | Capital Work in Progress | B-11(a) | 570612.00 |
| | Total Fixed Assets | | 38420235.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 124607.00 |
| 440000000 | Pre-paid Expenses | B-16 | 9420413.00 |
| 450000000 | Cash and Bank Balance | B-17 | 4899066.00 |
| 460000000 | Loans, Advances and Deposits | B-18 | 3122353.00 |
| | Total Current Assets, Loans and Advances | | 17566439.00 |

| | |
|---|---|
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 55986674.00 |